
# THE STUDENTS CHRONICLE




## G H S S PRAPOYIL

# ആശംസ

ഡിജിറ്റൽ വായനയുടെ വാതായനങ്ങൾ
തുറക്കുന്നതാണ് കൊച്ചുകുട്ടികളുടെ ഈ
സർഗാത്മക സൃഷ്ടികൾ. അവ
അഭിമാനപൂർവ്വം വായനക്കാരുടെ
മുൻപിൽ സമർപ്പിച്ചു കൊണ്ട് എല്ലാവിധ
ആശംസകളും നേരുന്നു.

ഹെഡ് മാസ്റ്റർ
ശങ്കരൻ.കെ.ഐ

## രക്ഷാധികാരി

ശ്രീ. ശങ്കരൻ കെ ഐ

## ഉപദേശക സമിതി

ശ്രീ. ഷന്മുബ് വി എം (കൈറ്റ് മാസ്റ്റർ)
ശ്രീമതി. പ്രസീദ പി (കൈറ്റ് മിസ്ട്രസ്)
ശ്രീ. കെ വി രാധാകൃഷ്ണൻ
(എച്ച്.എസ്.ടി മലയാളം)
ശ്രീ. ഷിജു ടി എം (എച്ച്.എസ്.ടി
സോഷ്യൽ സയൻസ്)
ശ്രീമതി. അനിത (എച്ച്.എസ്.ടി
മലയാളം)

## എഡിറ്റർ

ആദിൽഷ കെ എച്ച് 9B

## അസോസിയേറ്റ് എഡിറ്റർ

പാർത്ഥിപ് പി ബി 9 B

## എഡിറ്റോറിയൽ ബോർഡ്

മുഹമ്മദ് സുലൈമാൻ 9B
ഹാഫിൽ റഹ്മാൻ 9B
സാരംഗ് സുരേന്ദ്രൻ 9B
കശ്യപ് പി 9B

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

സാരംഗ് സുരേന്ദ്രൻ-9B
കശ്യപ് പി-9B
ഹാഫിൽ റഹ്മാൻ-9B
മുഹമ്മദ് സുലൈമാൻ-9B
പാർത്ഥിപ് പി ബി-9B
ആദിൽഷ കെ എച്ച് -9B
സംഗീത് ജോബ്-9B
ദേവാനന്ദൻ കെ വി-9B
അൽഫോൺസ് വി എസ്-9A
മുഹമ്മദ് ഷസിൻ-9A
ജ്യോതിഷ് വി എസ്-9A
ഗസൽ ലാൽ-9A
സുദീപ് കെ പി- 9A
മുഹമ്മദ് അൽത്താഫ് സി എച്ച്-9A
ഫാത്തിമത്തുൽ നാജിയ-9A
ഫാത്തിമത്തുൽ നിസ-9A
അജയ് മൈക്കൽ 9A

## കവർപേജ്

ആദിൽഷ കെ എച്ച് 9B

## ചിത്രങ്ങൾ

ആദിൽഷ കെ എച്ച് 9B

ദേവനന്ദ ദിലീപ് 9B

അഞ്ജന്യ ബിനീഷ് 9B

ദിയ .ആർ 6B

അഞ്ചന സതീഷ് 9B

സംഗീത് ജ്യോബ് 9B

ദേവനന്ദ .പി 6A

അനുഗ്രഹ 6A

ഹന അഷ്റഫ് 8A

ആന്റോ പി. പി 8A

ആന്റോ ആന്റണി 8A

മുഹമ്മദ് അർഷാദ് 8A

ഫാത്തിമത്തുൽ ഇഫ്ര 8B

ഹരിനന്ദ സി ആർ 8B

ദേവദത്ത് കെ വി 8A




# പതിനായിരങ്ങൾക്ക് അക്ഷരവെളിച്ചമേകിയ വിദ്യാലയം

1953 ൽ പ്രാപ്പൊയിൽ വയനാട്ടു കുലവൻ ക്ഷേത്രത്തിന്റെ ഭാഗമായി ഏകാധ്യാപക വിദ്യാലയമായി ആരംഭിച്ച് യു. പി സ്ക്കൂളായി മാറി 1980ൽ സർക്കാർ ഏറ്റെടുത്ത് ഹൈസ്ക്കൂളായി ഉയർത്തി. 2007ൽ ഹയർ സെക്കന്ററി വിഭാഗവും ആരംഭിച്ചു. ഇന്ന് സ്ക്കൂളിൽ പ്രീ പ്രൈമറി മുതൽ പ്ലസ് ടു വരെ ക്ലാസ്സുകളിലായി ആയിരത്തിലധികം കുട്ടികൾ പഠിക്കുന്നു. ഇന്നത്തേത് പോലുള്ള യാത്രാ സൗകര്യങ്ങളും മറ്റുമില്ലാതിരുന്ന കാലത്ത് പഴയ

കുട്ടികളുടെ പഠനയാത്ര സാഹസികമായിരുന്നു. യാത്രാ സൗകര്യത്തിന്റെ കുറവും ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും കൊണ്ട് ബുദ്ധിമുട്ടിയിരുന്ന ആക്കാലമെല്ലാം തരണം ചെയ്ത് ഇന്ന് മലയോര മേഖലയിലെ ഈ വിദ്യാലയം മികച്ച പഠനനിലവാരം ആഗ്രഹിക്കുന്ന കുട്ടികൾക്ക് മറ്റൊന്നും ആലോചിക്കാതെ തിരഞ്ഞെടുക്കാവുന്ന വിദ്യാലയമായി മാറിയിരിക്കുന്നു.




വിദ്യാഭ്യാസനിലവാരം വിജയ ശതമാനം, എ പ്ലസ്സുകളുടെ എണ്ണം, കായികനേട്ടങ്ങൾ, സ്കോളർഷിപ്പ് പരീക്ഷകളിലെ വിജയങ്ങൾ ഇവയിലെല്ലാം വർഷംതോറും വലിയ മുന്നേറ്റമാണ് നമ്മുടെ സ്കൂൾ കാഴ്ച വയ്ക്കുന്നത്. പരിമിതികളിൽ നിന്ന് പരിതപിക്കുന്ന കുചേലഭവനമല്ല ഇന്ന് പൊതു വിദ്യാലയങ്ങൾ. കേന്ദ്ര,സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ഇന്നത് മികവിന്റെ കേന്ദ്രങ്ങളായി മാറിയിരിക്കിന്നു.പൊതുവിദ്യാലയങ്ങളിൽ കുഞ്ഞുങ്ങളെ അയക്കുന്നത് അഭിമാനമായി സമൂഹം കരുതിത്തുടങ്ങിയിരിക്കുന്നു.ഇടക്കാലത്ത് കൊഴിഞ്ഞുപോയ ലക്ഷക്കണക്കിന് കുട്ടികളാണ്

ഇവിടേക്ക് തിരിച്ചെത്തിക്കൊണ്ടിരിക്കുന്നത്.ഇത്
നമ്മുടെ ഉത്തരവാദിത്തങ്ങൾ
വർധിപ്പിക്കുന്നു.നാട്ടുകാരുടെയും പി ടി എ യുടെയും
അകമഴിഞ്ഞ പിന്തുണ ഇനിയും
പ്രതീക്ഷിക്കുന്നു.ഒത്തുചേരലിലൂടെ മാത്രം
പൂർണമാകുന്ന ഒന്നാണല്ലോ പഠനപ്രക്രിയ;പക്ഷേ
കഴിഞ്ഞ രണ്ടു വർഷങ്ങൾ
ഒത്തുചേരലിന്റെ സകല
സാധ്യതകളെയും
നിരാകരിച്ചുകൊണ്ട്
കൊവിഡിന്റെ



താണ്ഡവമായിരുന്നു. അപ്പോൾ
സമാനതകളില്ലാതെ അതിജീവനമാണ്
വിദ്യാഭ്യാസവകുപ്പും,
കുട്ടികളും,അധ്യാപകരും,നാട്ടുകാരും.
പിടിഎയും ചേർന്ന് നടത്തിയത്.ഒത്തൊരുമയുടെ
ആ അവസരത്തെ കൃതജ്ഞതയോടെ
സ്മരിക്കുന്നു.അതെ,ആയിരങ്ങളെ
അക്ഷരവെളിച്ചം തെളിയിച്ച് ജീവിത വഴി
കാട്ടിക്കൊടുത്ത വിദ്യാലയം
എഴുപതാണ്ട് പിന്നിടുന്നു.ഇതിവിടെ
പൂർണമാകുന്നില്ല.വിജയങ്ങളും
വിജയസ്മരണികളും
തുടർന്നുകൊണ്ടേയിരിക്കും.നമുക്ക് ഒത്തൊരുമിച്ച്
ഈ വിദ്യാലയത്തെ കൂടുതൽ
ഉയരങ്ങളിലെത്തിക്കാം.

# കണ്ടൻ പൂച്ച

പണ്ട് ഒരു കാട്ടിൽ ഒരു കണ്ടൻ പൂച്ച ഉണ്ടായിരുന്നു. അവൻ ദുഷ്ടനും ക്രൂരനുമായിരുന്നു. അവനെ എല്ലാ മൃഗങ്ങൾക്കും പക്ഷികൾക്കും പേടിയായിരുന്നു. വളരെ സുന്ദരിയായ ഒരു കുഞ്ഞ് പക്ഷി അവിടെ ഇരതേടി നടക്കുകയായിരുന്നു. അവന്റെ അടുത്തുക്രൂടെ പക്ഷി നടന്ന് പോയപ്പോൾ ആ കണ്ടൻ പൂച്ച മനസ്സിൽ വിചാരിച്ചു. കുഞ്ഞുകിളിയെ തിന്നാം പക്ഷെ... ഈ കുഞ്ഞിനെ തിന്നാൽ വിശപ്പ് മാറുമോ ? ഇല്ല. പെട്ടെന്ന് അവന്റെ മനസ്സിൽ തോന്നി. വേണ്ട തിന്നാം. അവൻ അതിനെ തിന്നാൻ തുനിഞ്ഞു. അപ്പോഴാണ് അതിലൂടെ ഒരു മനുഷ്യൻ കടന്നുവരുന്നത്. അവൻ തിന്നാതെ നിന്നു.



ആ മനുഷ്യൻ പറഞ്ഞു 'ഹേ നീ എന്തിനാ അതിനെ തിന്നുന്നത് ? ' എനിക്ക് വിശന്നിട്ട് അവൻ പറഞ്ഞു. ഓ ധിക്കാരീ.... അവൻ ഓടി. ഈ കണ്ടൻ പൂച്ച ഇവിടെ വലിയ ശല്യമാണെന്ന് തോന്നുന്നു; അയാൾ ചിന്തിച്ചു. ഇവിടെയുള്ള മൃഗങ്ങളോട് ചോദിക്കാം എന്നു പറഞ്ഞ് അയാൾ വീട്ടിലേക്ക് മടങ്ങി. പിറ്റേ ദിവസം രാവിലെ വീട്ടിൽ നിന്ന് അന്വേഷിക്കാൻ ഇറങ്ങി.പിറ്റേ ദിവസം അയാൾ ആ കണ്ടൻ പൂച്ചയെ അന്വേക്ഷിച്ച് ഇറങ്ങി പക്ഷെ ആ പൂച്ചയെ എവിടെ നോക്കിയിട്ടും കണ്ടില്ല.അങ്ങനെ കുറേ നേരം ആ പൂച്ചയെ തേടി അലഞ്ഞു.അങ്ങനെ ഇരിക്കെ ഒരു കുഞ്ഞുക്കുരുവി കണ്ടു.അപ്പോൾ ആ മനുഷ്യൻ അതിനോടു ചോദിച്ചു.ഇവിടെയുള്ള ആ ദുഷ്ടനും ക്രൂരനുമായ കണ്ടൻ പൂച്ചയെ കണ്ടോ? കുരുവി പറഞ്ഞു അവിടെ ഉള്ള ആ വലിയ മരത്തിനു ചുവട്ടിലൂടെ ക്രൂരത നിറഞ്ഞ കണ്ണുകൾ ഉള്ള കുറുക്കൻ കണ്ടൻ പൂച്ചയെ ഒടിക്കുന്നതുകണ്ടു.അതിന്റെ കാര്യം തീരുമാനമായന്നു തോന്നുന്നു. അതുകേട്ട് ആ മനുഷ്യൻ ആ വലിയ മരത്തിന്റെ അടുത്തേക്ക് പോയപ്പോൾ അവിടെ ആ കണ്ടൻ പൂച്ചയുടെ ശവശരീരംകാണുന്നു.അതുകണ്ടപ്പോൾ അദ്ദേഹം ഓർത്തു ഇനി ഈ കാട്ടിൽ ഉള്ളഎല്ലാവർക്കും സന്തോഷമായി ജീവിക്കാലോ എന്ന്.

ആഷ്മിക
5A

# പൂച്ചയും പക്ഷിയും

പണ്ട് ഒരിടത്ത് ഒരു പൂച്ചയുണ്ടായിരുന്നു. അവളുടെ പേര് കിങ്ങിണി എന്നാണ്. അവൾ വളരെ സുന്ദരിയും പാവവുമായിരുന്നു. അവളുടെ കൂടെ കളിക്കാനാരുമില്ലായിരുന്നു. കാരണം അവിടെ വളരെ മോശമായ ഒരു പൂച്ചയുണ്ട് അവൻ എല്ലാ പക്ഷികളെയും പിടിച്ച് കഴിക്കും. അതിനാൽ തന്നെ അവനെ പക്ഷികൾക്ക് പേടിയായിരുന്നു. ഇപ്പോൾ എല്ലാവർക്കും പൂച്ചയെ പേടിയാണ് എന്നാൽ നമ്മുടെ കിങ്ങിണി അങ്ങനെ അല്ല അവൾ ആരുടെ കൂടെ കളിക്കാൻ പോയാലും അവർ ഇവളോട് പറയും അത് കഴിക്കും എന്ന് അപ്പോ അവൾ പറഞ്ഞു



കഴിക്കില്ല എന്ന് ..... കഴിക്കില്ല പക്ഷെ അവർ അത് കേൾക്കില്ല അവൾക്കപ്പോൾ വിഷമമായി അവളുടെ അമ്മയും അച്ഛനും അവളോട് പറയും നീ ആരുടെയും കൂടെ കളിക്കാൻ  പോകണ്ടെന്ന് പക്ഷെ അവൾ പോകുമായിരുന്നു. ഒരു ദിവസം അവൾ വിഷമിച്ചിരിക്കുകയായിരുന്നു.അവളുടെ അടുത്തുകൂടെ ഒരു പക്ഷി പറന്ന് പോയി. അവൾ അതിനെ നോക്കി അത് അവളെയും നോക്കി. അത് അവളോട് ചോദിച്ചു; നീ എന്തിനാ വിഷമിച്ചിരിക്കുന്നത്

കൂട്ടുകാരി? എന്റെ കൂടെ കളിക്കാൻ  ആരുമില്ല. ഞാൻ നിന്റെ കൂടെ കളിക്കാം. സത്യമായിട്ടും! അതേ നിന്റെ പേര് എന്താ? കിങ്ങിണി ചോദിച്ചു. എന്റെ പേര് പാറു എന്നാണ്. നമ്മുക്ക് ഒളിച്ചു കളിക്കാം. ശരി വാ.. കളിക്കാം. അപ്പോൾ കിങ്ങിണിക്ക് വളരെ സന്തോഷമായി. എന്നാ ശരി പാറു ഞാൻ പോകുന്നു എന്ന് പറഞ്ഞ് കിങ്ങിണി പോയി. അങ്ങനെ കിങ്ങിണിയും പാറുവും നല്ല കൂട്ടുകാരായി മാറി. അവർ എല്ലാ ദിവസവും നല്ല സന്തോഷത്തോടെ കളിക്കുമായിരുന്നു. അവർ എന്നും അങ്ങനെ നല്ല സുഹൃത്തുക്കളായി കഴിഞ്ഞു.

# നിന്റെ ചിരി


നിന്നിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക്
മരണമാണെന്ന് വിശ്വസിച്ച
ഒരു കാലമുണ്ടായിരുന്നു എനിക്ക്
എന്നിൽ നിന്ന് നീയകന്ന്
പോയപ്പോ
അതെന്റെ പരാജയമാണെന്ന്
ഞാൻ കരുതി
അവിടെ കുറച്ചു നേരത്തേക്ക്
എന്റെ
ഘടികാരം കണ്ണടച്ചു.
എനിക്ക് പിന്നെയും യാത്ര
ഒരുപാടുണ്ടായിരുന്നു
ഇന്നലെ നിന്നെ ഞാൻ പിന്നെയും
കണ്ടു
നിന്റെ പഴയ ഭംഗി
അതുപോലെ തന്നെയുണ്ടായിരു-
ന്നെങ്കിലും
നിനക്ക് നിന്റെ ചിരി
നഷ്ടമായിരിക്കുന്നു.
കൂടെ എന്റെയും.



മേഘ വിനോദ്
9B

# സെറാ എന്ന നല്ല പെൺകുട്ടി

ഒരിടത്ത് ഒരിടത്ത് ഒരു പെൺകുട്ടി ഉണ്ടായിരുന്നു.അവളുടെ പേര് സെറാ എന്നായിരുന്നു.വളരെ കാര്യം ആയിരുന്നു അവളെ എല്ലാവർക്കും.എല്ലാവരേയും നല്ലവണ്ണം കളിച്ചും ചിരിച്ചും സംസാരിച്ചും നടക്കുമായിരുന്നു സെറാ. എന്നും രാവിലെ സ്കൂളിൽ പോകുന്ന വഴിക്ക് അവൾ ഒരു നായയെ കാണുമായിരുന്നു. അതിന് കൊടുക്കാൻ എന്തെങ്കിലും അവൾ കൈയിൽ കരുതുമായിരുന്നു.



അങ്ങനെ ഒരു ദിവസം അവൾ സ്കൂളിൽ നിന്ന് തിരികെ വരുമ്പോൾ ഒരു കാർ വന്ന് നിർത്തി അവളോട് അടുത്തേക്ക് ചെല്ലാൻ പറഞ്ഞു.വളരെ ബുദ്ധിമതിയായ സെറാ ഒരു കാര്യം ഓർത്തു. കഴിഞ്ഞ ദിവസം ഷെറിൻ ടീച്ചർ ക്ലാസിൽ നിന്ന് പറഞ്ഞ കാര്യം "കുട്ടികളെ നിങ്ങൾ അപരിചിതരുടെ അടുത്ത് പോകുകയോ അവരിൽ നിന്ന് ഒന്നും വാങ്ങുകയോ ചെയ്യരുത് എന്ന്" അവൾ ഒരു നിശ്ചിത ദൂരത്ത് നിന്ന് പറഞ്ഞു "അങ്കിൾ അഡ്രസ് പറ ഞാൻ സ്ഥലം പറഞ്ഞു തരാം"എന്ന്. ഇത്കേട്ട് വാഹനത്തിൽ ഇരുന്ന വ്യക്തി കാറിൽ നിന്ന് ഇറങ്ങി അവളുടെ കൈയിൽ പിടിമുറുക്കി. അവൾക്ക് ഓടാൻ കഴിഞ്ഞില്ല. പെട്ടെന്ന് ആയിരുന്നു 'ബൗ ബൗ ബൗ'എന്ന് കുരച്ചുകൊണ്ട് ആ നായ ചാടി വീണ് അയാളുടെ കാലിൽ ഒറ്റ കടി. വേദന കൊണ്ട് അയാൾ സെറായുടെ കൈയിൽ നിന്ന് പിടിവിട്ട് ഓടാൻ ശ്രമിച്ചു. പക്ഷേ അത് സാധിച്ചില്ല. സാധിക്കാത്തതല്ല ആ നായ സമ്മതിച്ചില്ല. പോലീസ് വന്ന് അയാളെ പിടിച്ച് കൊണ്ട് പോയി. നാട്ടുകാരിൽ ഒരാൾ പറഞ്ഞു. "മോളെ നീ നല്ലതു ചെയ്തതു കൊണ്ട് മാത്രമാണ് നിന്നെ ആ നായ രക്ഷിച്ചത്" അവൾ എല്ലാവരോടും നന്ദി എന്ന വാക്കിന്റെ അർത്ഥത്തിൽ ചിരിച്ചുകൊണ്ട് ആ നായക്ക് ഒപ്പം വീട്ടിലേക്ക് മടങ്ങി.

ജിബിന ജിനീഷ്

9A

# ഒരിക്കൽ...

എനിക്കു മാത്രമായി വാതിലുകൾ തുറക്കപ്പെടും
അന്ന് വീശുന്ന കാറ്റിന് ചന്ദനത്തിരിയുടെ
സുഗന്ധമുണ്ടാകും
അന്നു നീ വരിക എൻ പ്രിയനെ,
അലയടിക്കുന്ന വിലാപങ്ങളും
നിറഞ്ഞ ആൾക്കൂട്ടവും ശ്രദ്ധിക്കാതെ,
എന്റെ അടുത്തേക്ക് വന്നിരിക്കുക...
എന്റെ വിരലുകളിൽ നിന്റെ വിരലുകൾ
കോർത്തുപിടിക്കുക...
അല്പനേരം... അല്പനേരം മാത്രം
നിന്റെ വിരലിലെ ചൂടെന്റെ മരവിച്ച
വിരലിൽ പതിയുന്ന നേരം
എന്റെ ആത്മാവ് നിന്നെ വാരിപ്പുണരുന്നത്
നീയറിയും
പിന്നെ നമുക്കൊരുമിച്ച് മാറിയിരിക്കാം
നമ്മൾ മാത്രമുള്ളൊരു ലോകം
പറയാനുണ്ടൊരുപാടെനിക്ക്
നിന്നോടുള്ള എന്റെ സ്നേഹത്തിന്റെ
ആഴത്തെക്കുറിച്ച്...
നിന്നെക്കുറിച്ച്... നമ്മളെക്കുറിച്ച്...
അല്ലെങ്കിൽ കണ്ണുകളിൽ നോക്കി മിണ്ടാതിരിക്കാം
നിന്റെ നിശബ്ദതയുടെ ഭാഷ
എനിക്കറിവുള്ളതാണല്ലോ ?

മേഘ വിനോദ്
9B

# ഞങ്ങൾ

ഇന്നവൻ ഒറ്റവാക്കിൽ
എല്ലാം പറഞ്ഞവസാനിപ്പിച്ചു.
എന്നെ കണ്ടതും
എന്നോട് ചിരിച്ചതും
എന്റെതാണെന്ന് പറഞ്ഞതും
എന്നിലേക്കലിഞ്ഞു ചേർന്നതും
എല്ലാം മറന്ന്
എന്നിൽ നിന്നകന്നുപോയി....
ഞാനോ?
ഞാനാരുമല്ലാതാ

ഷെറിൻ സിത്താര
9B

# എന്നെങ്കിലും.....

പ്രിയസഖി,..പറയുനീ...
എന്നാണു നമ്മുടെ സംഗമം.
എത്ര നാളൊന്നോം ഇങ്ങനെ
വേർപിരിഞ്ഞങ്ങു നിൽക്കുക
നാൾ ഇതുവരെ നിയെ
നിക്ക് തന്ന ചുംബനങ്ങ
ളെല്ലാം ഓർക്കുന്നു ഞാൻ..
പ്രിയതമാ...പറയൂ നീ...
നമ്മുടെ പ്രണയമെ
ന്നെങ്കിലും സഫലമാവുമോ നാഥാ...
വിധിയുടെ പുസ്തക
താളുകളിൽ നാവും ഉണ്ടാകുമോ
കാത്തിരിക്കാം സാഫല്യം വരെ...



# യുവതലമുറയുടെ
# വഴിതെറ്റൽ

ഒരോ തലമുറയ്ക്കും ആവിശ്യമാണ് എന്ന് കരുതി നമ്മൾ ഉണ്ടാകുന്നതെല്ലാം നാശത്തിലാണ് വന്നു വീഴുന്നതെന്ന് നമ്മൾ ഒരോരുത്തരും മറക്കുകയാണ്. നല്ലതെന്ന് നമ്മുക്കുതോന്നിയാലും അതായിരിക്കും ഏറ്റവും അപകടം നിറഞ്ഞതെന്ന് നമ്മൾ മനസ്സി ലാക്കുന്നില്ല.ഒരോന്നിനും അതിറ്റേതായ നാശം ഉണ്ടക്കും തലമുറകൾ ഇപ്പോൾ പഴയചിന്തകളില്ലൂടെ അല്ല വളരുന്നതും ചെയ്യുന്നതെന്നും ഇപ്പോഴും മനസ്സിലാക്കാൻ നമ്മുടെ ലോകത്തിന് കഴിയുന്നില്ല. ഇതില്ലൂടെ ഒക്കെ നിങ്ങൾക്ക് മനസ്സിലാകും എന്താണ് തലമുറയുടെ മാറ്റമെന്ന്.

മൊബൈൽ ഉപയോഗങ്ങളില്ലൂടെയും ലഹരി, മദ്യം ഇതില്ലൂടെയെല്ലാം മനുഷ്യൻ അടുത്ത യുവതലമുറയെ നശിപ്പിക്കുകയാണ്.മൊബൈൽ അഡിക്ഷൻ കാരണം കുട്ടികളും മുതിർന്നവരും ഈ ലോകത്തെ മറക്കുകയാണ്. കുട്ടികൾക്ക് പഠിക്കാനുള്ള ശ്രദ്ധതിരിക്കുന്നു. ഈ മൊബൈലൂടെപയോഗ കാരണത്താൽ കുട്ടികൾ തന്റെ മാതാപിതാക്കളേയും കൂട്ടുക്കാരെയും മറന്നുപോവുകയാണ്.

ഇതുപോലെതന്നെ ഭയാനകമാണ് ലഹരിയും മദ്യവുമെല്ലാം. ലഹരിയുപയോഗത്തിലൂടെ പീഡനങ്ങളും കൊലപാതകങ്ങളും കൂടുന്നു. ഒരു ലഹരിയുപയോഗ മനുഷ്യന്റെ മാനസ്സിക അവസ്ഥ വളരെ മോശമായിരിക്കും. ജീവിതം ഇതുമാത്രമാണെന്ന് തോന്നുകയും ഇതില്ലാതെ ജീവിക്കാൻ പറ്റില്ല എന്നുപോലും അവരുടെ മനസ്സിൽ തോന്നും. ഒരുവട്ടം ഉപയോഗിച്ചാൽ പിന്നെ നിർത്താൻ തോന്നാത്തവിധം ലഹരി മനുഷ്യനെ മാറ്റിയെടുക്കുന്നു.

ഇതുപോലെയൊക്കെ തന്നെയാണ് മദ്യവും. മദ്യം കുടിച്ച് വീട്ടിലും നാട്ടിലും ഒക്കെ വഴക്കും തല്ലും ഒക്കെ ഉണ്ടാകും. പക്ഷെ അത് കുറച്ചുനേരത്തേക്കുമാത്രമാണെങ്കിലും മനുഷ്യനെ ഒരുപാട് മാറ്റും. ലഹരി കുട്ടികളെകൊണ്ട് കഴിപ്പിക്കുകയും കുട്ടികളെ തളർത്തുകയും ചെയ്യുന്നു. വളരുന്ന

ഓരോ കുട്ടിയും തന്റെ അറിവുപ്രായം മുതൽ മൊബൈൽ ഉപയോഗിക്കുന്ന കുട്ടികൾ വരെ ഈ തലമുറയിൽ ഉണ്ട്.

ഈ മൊബൈൽ, ലഹരിപോലുള്ള വസ്തുക്കളുടെ ഉപയോഗം കുറച്ചാൽ അടുത്ത യുവതലമുറയെ മനോഹരവും സ്നേഹപൂർണവുമാക്കി എടുക്കാം അതിനായി നമ്മൾ മാറുക...


അഭിരാമി എം
8B




# കൂട്ടുകാർ

അന്ന് നല്ല മഴയുള്ള ദിവസമായിരുന്നു. സ്കൂൾ വിട്ടു കഴിഞ്ഞ് അപ്പു വീട്ടിലേക്കു പോകാൻ കുട തുറന്നപ്പോഴാണ് ഒരു കൈയ്യില്ലാത്ത തന്റെ കൂട്ടുകാരൻ കിച്ചുവിനെ കണ്ടത്. പാവം! അവന് കുടയില്ല. അപ്പു തന്റെ കുട കിച്ചുവിന് കൊടുത്തു. വേണ്ട വേണ്ട! നിനക്ക് അപ്പോൾ കുടയുണ്ടാകില്ല. ഞാൻ നനഞ്ഞ് പൊയ്ക്കോളാം കിച്ചു പറഞ്ഞു. അപ്പു എങ്ങനെയെല്ലോ നിർബന്ധിപ്പിച്ച് കുട കിച്ചുവിന് കൊടുത്ത് പറഞ്ഞയച്ചു. മഴ തീരുന്ന ലക്ഷണമില്ല അപ്പു ഓടാൻ തുടങ്ങി. കുറച്ച് ഓടിക്കഴിഞ്ഞപ്പോൾ മുമ്പിലിതാ അമ്മ! അപ്പു ഓടി അമ്മയെ കെട്ടിപിടിച്ചു. വഴിയിൽ ഞാൻ കിച്ചുവിനെ കണ്ടു. അവനെല്ലാം എന്നോടു പറഞ്ഞു. അമ്മയും അപ്പുവും സന്തോഷത്തോടെ വീട്ടിലേക്ക് മടങ്ങി.



ആവണി ജയൻ











24/01/2024










By


Harinandha CR



By: Anjana satheesh



By DiyaR.










RTM


01/12/2023